# പതിമൂന്നാം കേരളനിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 386** 19.03.2013 ൽ മറുപടിയ്ക്ക്

## റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. അൻവർ സാദത്ത് | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് റൂഫ്ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. 10000 വീടുകളിൽ 1 kW വീതം സ്ഥാപിത ശേഷിയുള്ള സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നു. വീടുകളിൽ ഇപ്രകാരം ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി പദ്ധതിയ്ക്ക് സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരും സംയുക്തമായി 92,262/- രൂപ ധനസഹായം നൽകുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) | പ്രസ്തുത പദ്ധതിയിലൂടെ 10 MW വൈദ്യുതി ഉൽപ്പാദനമാണ് ലക്ഷ്യമിടുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ നോഡൽ ഏജൻസി ഏതാണ്; വിശദമാക്കുമോ ; | (സി) | ഈ പദ്ധതിയുടെ നോഡൽ ഏജൻസി അനെർട്ടാണ്. |
| (ഡി) പദ്ധതി നടത്തിപ്പിനായി എത്ര കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (ഡി) | പദ്ധതി നടത്തിപ്പിനായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് സമർപ്പിച്ച 55 കമ്പനികളിൽ നിന്ന് അനെർട്ട് 15 കമ്പനികളെയാണ് ഇപ്പോൾ തിരഞ്ഞെടുത്തിരിക്കുന്നത്. വിശദാംശം അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| (ഇ) എന്ത് അളവിലുള്ള വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഗുണഭോക്താവിന് ലാഭിക്കാനാകുന്നതെന്ന് വിശദമാക്കുമോ ? | (ഇ) | 1 kW സോളാർ പാനൽ വഴി പ്രതിദിനം ഏകദേശം 3.5 - 4 യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനാവും. |

സെക്ഷൻ ഓഫീസർ

ബോ ന്ന് നം - 1

7

(386) (ബി)

## List of Empanelled Agencies

| Sl. No. | Empanelment no. | Bidder Name |
|---|---|---|
| 1 | EA/2012/01 | Millenium Synergy Pvt.Ltd |
| 2 | EA/2012/02 | Power One Micro Systems |
| 3 | EA/2012/03 | Gensol Consultants Pvt. Ltd |
| 4 | EA/2012/04 | Adithya Solar Energy Systems |
| 5 | EA/2012/05 | Solar integration India Pvt. Ltd |
| 6 | EA/2012/06 | Su-Kam Power Systems Ltd |
| 7 | EA/2012/07 | Tata Power Solar Systems |
| 8 | EA/2012/08 | Surana Ventures Ltd |
| 9 | EA/2012/09 | UM Green lighting Private Ltd |
| 10 | EA/2012/10 | Ammini Solar Pvt. Ltd |
| 11 | EA/2012/11 | Waaree Energies Pvt. Ltd |
| 12 | EA/2012/12 | Luminous Power Technologies Pvt. Ltd |
| 13 | EA/2012/13 | Eversun Energy Private ltd |
| 14 | EA/2012/14 | Chemtrols Solar Private Ltd |
| 15 | EA/2012/15 | Lanco Solar Energy Pvt. Ltd |

(This list will be updated and published in ANERT website as and when new agencies are included)

[signature]